| ? | കണ്ണേറും വിഷബാധയും (ചികിത്സിക്കുവാനല്ലാതെ) യാതൊരു റുക്യ്യയുമില്ല എന്ന ഹദീഥിന്റെ വിശദീകരണം |
|---|---|

കണ്ണേറും വിഷബാധയുമല്ലാത്ത വിഷമതകളെ ചികിത്സിക്കുവാനുള്ള റുക്യ നിർവഹിക്കപ്പെട്ടത് നമുക്ക് ഹദീസുകളിൽ കാണാം. ഉഥ്മാൻ ഇബ്നു അബിൽ ആസ് അഥ്ഥഖഫി(ﷺ)യിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്ന സംഭവം അതിനൊരു ഉദാഹരണമാണ്. അദ്ദേഹം പറയുന്നു:

أنه شكَا إِلَى رسولِ الله -صلى الله عليه وسلم- وجعا يجِده فى جسده منذُ أَسلَم. فَقَالَ لَه رسولُ الله -صلى الله عليه وسلم- « ضع يدك علَى الذى تألَم من جسدك وقُلْ بِاسمِ الله ثَلاَثًا، وقُلْ سبع مرات: أَعوذُ بِالله وقُدرته من شر ما أَجِد وأُحاذر ».

"അദ്ദേഹം മുസ്‌ലിമായത് മുതൽ തന്റെ ശരീരത്തിൽ അനുഭവിക്കുന്ന ഒരു വേദനയെക്കുറിച്ച് റസൂൽ(ﷺ)യോട് സങ്കടപ്പെടുകയുണ്ടായി, അപ്പോൾ റസൂൽ(ﷺ) അദ്ദേഹത്തോട് പറഞ്ഞു: "താങ്കൾ ശരീരത്തിൽ എവിടെയാണോ വേദനയുള്ളത് അവിടെ താങ്കളുടെ കൈ വെക്കുകയും എന്നിട്ട്: بِاسم الله (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് മൂന്ന് പ്രാവശ്യം പറയുകയും ചെയ്യുക. എന്നിട്ട് أَعوذُ بِالله وقُدرته من شر ما أَجِد وأُحاذر (ഞാൻ അനുഭവിക്കുകയും ഭയക്കുകയും ചെയ്യുന്നതിന്റെ കെടുതിയിൽ നിന്ന് അല്ലാഹുവിലും അവന്റെ ക്വുദ്റത്തിലും ഞാൻ അഭയം തേടുന്നു) എന്നു ഏഴ് പ്രാവശ്യം പറയുക."[1]

ഇംറാൻ ഇബ്നു ഹുസ്വയ്ൻ(ﷺ)വിൽ നിന്നും മറ്റും നിവേദനം ചെയ്യപ്പെടുന്ന താഴെയുള്ള ഹദീസ് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് എന്താണ് എന്നും പണ്ഡിതൻമാർ അതിന് എന്ത് വ്യാഖ്യാനമാണ് നൽകിയത് എന്നും പരിശോധിക്കാം:

لاَ رقْيةَ إِلا من عينٍ أَو حمة

"കണ്ണേറും വിഷബാധയും (ചികിത്സിക്കുവാനല്ലാതെ) യാതൊരു റുക്യയുമില്ല"[2]

ഇമാം നവവി(رحمه الله) പ്രസ്തുത ഹദീഥിനെ വിശദീകരിച്ചത് ഇപ്രകാരമാണ്:

---

[1] മുസ്‌ലിം. صحيح مسلم –كتاب السلام- باب استحباب وضع يده على موضع الألم، مع الدعاء (4/1728) رقم (2202).

[2] തിർമിദി: 2057, മിശ്ഖാത്തിൽ(4557) ഈ ഹദീഥ് സ്വഹീഹാണെന്ന് അൽബാനി വിശേഷിപ്പിച്ചിരിക്കുന്നു.

تحقيق الألباني : صحيح ، المشكاة ( 4557 )

فقال العلماء لم يرد به حصر الرقية الجائزة فيهما ومنعها فيما عداهما وانما المراد لارقية أحق وأولى من رقية العين والحمة لشدة الضرر

“പണ്ഡിതന്മാർ പറഞ്ഞു: അനുവദനീയമായ റുക്‌യ കണ്ണേറു ബാധയും വിഷബാധയും ചികിത്സിക്കുന്നതിന് പരിമിതമാണ് എന്നും അവ രണ്ടുമല്ലാത്തതിന് അത് തടയപ്പെട്ടിരിക്കുന്നു വെന്നും ഹദീഥിൽ വന്നിട്ടില്ല. കണ്ണേറിന്റേയും വിഷബാധയുടേയും ഉപദ്രവ കാഠിന്യത്താൽ അവ രണ്ടും ചികിത്സിക്കുവാൻ നിർവഹിക്കുന്ന റുക്‌യയേക്കാൾ അർഹവും യോഗ്യവുമായ യാതൊരു റുക്‌യുമില്ല എന്നു മാത്രമാണ് ഉദ്ദേശ്യം)”[3]

ഈ രണ്ടു വിഷയങ്ങൾക്ക് അല്ലാതെ തന്നെ റുക്‌യകൾ നിർവ്വഹിക്കപ്പെട്ടതിന്റെ നിവേദനങ്ങൾ പലതും ഇതിന് മുമ്പ് നൽകപെട്ടത് വായനക്കാർ ഓർക്കുമല്ലോ.

والله أعلم

*(തുടരും...)*

തയ്യാറാക്കിയത്:

അബ്ദുൽ ജബ്ബാർ അബ്ദുല്ല
എൻ. വി. മുഹമ്മദ് സാലിം
റാഷിദ് ഖലീൽ റഹ്മാൻ

[3] ഇമാം നവവി(رحمه الله)യുടെ മിൻഹജ്, സ്വഹീഹ് മുസ്‌ലിമിന്റെ വിശദീകരണ ഗ്രന്ഥം; 14/168